ചന്ദ്രിക

08 March 2026

# കളി കാര്യമായി, രമാദേവി ഇന്ന് വേറിട്ട സംരംഭ

കൊച്ചി: പത്ത് വർഷം മുമ്പ് കളിയായി തുടങ്ങിയ അലങ്കാര മത്സ്യകൃഷിയെ ഇന്ന് ലക്ഷങ്ങൾ വരുമാനമുള്ള സംരംഭമായി മാറ്റിയെടുത്തിരിക്കുകയാണ് വൈപ്പിൻകാരിയായ രമാദേവി. വീട്ടിലെ ജോലിക്കു ശേഷം സമയം കളയാനാണ് രമാദേവി അലങ്കാര മത്സ്യകൃഷിയിലേക്കു തിരിഞ്ഞത്. എന്നാൽ, വർഷങ്ങൾ പിന്നിട്ടപ്പോഴേക്കും അലങ്കാര മത്സ്യ കൃഷി വീട്ടമ്മയെ മികച്ചൊരു ബിസിനസുകാരിയാക്കി മാറ്റി.



രമാദേവി പ്രമോദ് അലങ്കാരമത്സ്യങ്ങൾക്ക് തീറ്റ നൽകുന്നു

2022 ൽ സിഎംഎഫ്ആർഐയുടെ എസ്. ടി.ഐ. ഹബ് പദ്ധതിയുടെ ഗുണഭോക്താവാകാൻ സാധിച്ചത് സംരംഭകത്വ രംഗത്ത് വഴിത്തിരിവായി. ലഭ്യമായ എല്ലാതരം അലങ്കാരമത്സ്യങ്ങളെയും രമാദേവിയുടെ ഫാമിൽ വളർത്തുന്നുണ്ട്. മത്സ്യകൃഷിയോടൊപ്പം വിത്തുൽപാദനവും നടത്തുന്നുണ്ട്. നിലവിൽ സർക്കാർ സ്ഥാപനമായ കാവിൽ (കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ്) വഴിയും നേരിട്ടും ഇവർ മത്സ്യങ്ങൾ വിപണനം ചെയ്യുന്നു. ആഴ്ചയിൽ ശരാശരി 5,000 രൂപയോളം വരുമാനം ഈ മേഖലയിൽ നിന്ന് തനിക്ക് ലഭിക്കും. ഭർത്താവ് പ്രമോദ് നേട്ടങ്ങൾക്ക് കൂട്ടായി ഒപ്പമുണ്ട്.

കല്ലുമ്മക്കായ കൃഷിയിലൂടെയാണ് കൊല്ലം ജില്ലയിലെ തെക്കുംഭാഗം സെന്റ്സെബാസ്റ്റ്യൻ ഐലന്റിലെ ഷീജ സിൽവി നേട്ടമുണ്ടാക്കിയത്. കൊല്ലം അഷ്ടമുടിക്കായലിൽ ഭർത്താവ് സിൽവിയോടൊപ്പമാണ് ഷീജ കല്ലുമ്മക്കായ, കടൽമുരിങ്ങ കൃഷിയിലേക്കിറങ്ങിയത്. പത്ത് വർഷം മുമ്പ് ചെറിയ രീതിയിൽ തുടങ്ങിയ ഈ സംരംഭം സിഎംഎഫ്ആർഐയുടെ പരിശീലനത്തിലൂടെയാണ് വാണിജ്യാടിസ്ഥാനത്തിലേക്ക് വളർത്തിയത്. ശാസ്ത്രീയ രീതി അവലംബിക്കുന്നതിനാൽ വരുമാനം മെച്ചപ്പെടുത്താനായി. ഒരു യൂണിറ്റിൽ നിന്ന് ഒരു ലക്ഷം രൂപവരെ ലാഭം ലഭിക്കും. കുട്ടികളുടെ പഠനം ഉൾപ്പെടെ കുടുംബത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ സഹായിച്ചത് കായലിലെ കൃഷിയാണ്.

അയൽപക്കത്തെ ഒട്ടേറെ സ്ത്രീകൾക്ക് തൊഴിൽ നൽകാനും ഇവർക്ക് സാധിക്കുന്നുണ്ട്. മേഖലയിലെ വനിതാ സ്വയംസഹായ ഗ്രൂപ്പുകളെ ഈ രംഗത്തേക്ക് എത്തിക്കുന്നതിലും ഷീജ നിർണ്ണായക പങ്കുവഹിക്കുന്നു. മത്സ്യ മേഖല പുരുഷകേന്ദ്രീകൃതമല്ലെന്നും കഠിനാധ്വാനം ചെയ്യാനുള്ള മനസുണ്ടെങ്കിൽ എന്തും നേടാമെന്നു തെളിയിച്ചിരിക്കുകയാണ് രമാദേവിയും ഷീജയും. സംരംഭകത്വമികവിലൂടെ കഴിവ് തെളിയിച്ച ഷീജ സിൽവിയെയും കെ എസ് രമാദേവി പ്രമോദിനെയും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ കേന്ദ്രം നാളെ നടക്കുന്ന അന്താരാഷ്ട്ര വനിതാദിന പരിപാടിയിൽ ആദരിക്കും. മത്സ്യമേഖലയിലുള്ളവർക്ക് സാങ്കേതിക സഹായവും പരിശീലനവും നൽകുന്ന സിഎംഎഫ്ആർഐയുടെ എസ്ടിഐ (സയൻസ്ടെക്നോളജി ആന്റ് ഇന്നൊവേഷൻ) ഹബ് പദ്ധതിയുടെ ഗുണഭോക്താക്കളാണ് ഇരുവരും.